## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1736** **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ-വീട് നൽകാൻ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.രാജു എബ്രഹാം</th><th colspan="2">മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകാൻ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;</td><td>എ)</td><td>ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകാൻ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു<br>1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.<br>2. സർക്കാർ / അർദ്ധ സർക്കാർ /പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടികവർഗ്ഗത്തിന് ബാധകമല്ല).<br>5. ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>6. അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.</td></tr>
<tr><td>(ബി)</td><td>കുടുംബ റേഷൻ കാർഡിൽ മാത്രം പേരുള്ള നിരവധി കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ</td><td>(ബി)</td><td>ഉണ്ട് .<br>വീടില്ലാത്ത അഗതികൾക്കും, വാസയോഗ്യവും, സുരക്ഷിതത്വമില്ലാത്തതുമായ വീട്ടുകളിൽ</td></tr>
</table>

| | | | | |
|---|---|---|---|---|
| | കഴിയാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരെ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | | താമസിക്കുന്ന കുടുംബങ്ങൾ, എന്നാൽ സ്വന്തമായി റേഷൻകാർഡ് ഇല്ലാത്തവരുമായവർക്ക് വീട് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഒരു വീട്ടിൽ താമസിക്കുന്നവർ എന്നാൽ, രണ്ട് കുടുംബങ്ങളായി മാറാൻ സാധ്യതയുള്ളവരെ ഇപ്പോൾ പരിഗണിക്കുന്നില്ല . |

**സെക്ഷൻ ഓഫീസർ**